**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3358** **14.03.2018**- ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ വയോശ്രീ യോജന പദ്ധതി

ചോദ്യം | മറുപടി

ശ്രീ.ജോർജ് എം.തോമസ്.
ശ്രീ.റ്റി.വി.രാജേഷ്.
ശ്രീ.പി.കെ.ശശി
ശ്രീ.ബി.സത്യൻ

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങൾക്കായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വയോജനങ്ങൾക്കായുള്ള സംയോജിത പദ്ധതി (IPOP), രാഷ്ട്രീയ വയോശ്രീ യോജന എന്നീ പദ്ധതികളാണ് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ. |
| (ബി) | രാഷ്ട്രീയ വയോശ്രീ യോജന പ്രകാരം വയോജനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വാർദ്ധക്യസഹജമായ പ്രശ്നങ്ങൾ മൂലം കഷ്ടതയനുഭവിക്കുന്നവർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതാണ് രാഷ്ട്രീയ വയോശ്രീ യോജന പദ്ധതി. 2019-20 സാമ്പത്തിക വർഷം വരെയാണ് ഈ പദ്ധതിയുടെ കാലാവധി. ആദ്യഘട്ടമായി സംസ്ഥാനത്തെ എറണാകുളം, തിരുവനന്തപുരം ജില്ലകളെയാണ് ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. തുടർന്ന് പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലും ടി പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ടി പദ്ധതി പ്രകാരം നൽകുന്ന സഹായ ഉപകരണങ്ങൾ ചുവടെ ചേർക്കുന്നവയാണ്.<br>1. Walking Sticks.<br>2. Elbow Crutches |

| | | | |
|---|---|---|---|
| | | | 3. Walkers/Crutches<br>4. Tripods/Quadpods<br>5. Hearing Aids<br>6. Wheel Chairs<br>7. Artificial Dentures<br>8. Spectacles. |
| (സി) | വയോജനങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ വയോജനങ്ങൾക്കായുള്ള സംയോജിത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | വയോജനങ്ങൾക്കായുള്ള സംയോജിത പദ്ധതിയിൽ ഉൾപ്പെട്ട പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1. വൃദ്ധസദനങ്ങളുടെ പരിപാലനം.<br>2. മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള താൽക്കാലിക സംരക്ഷണ കേന്ദ്രങ്ങളുടേയും, തുടർ സംരക്ഷണ കേന്ദ്രങ്ങളുടേയും പരിപാലനം.<br>3. മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള ബഹുവിധ സേവനകേന്ദ്രങ്ങളുടെ നടത്തിപ്പ്.<br>4. സഞ്ചരിക്കുന്ന ആരോഗ്യ-സംരക്ഷണ യൂണിറ്റുകളുടെ പരിപാലനം.<br>5. അൽഷിമേഴ്സ്/ഡിമെൻഷ്യ ബാധിതരായ മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള പകൽ പരിപാലന കേന്ദ്രങ്ങളുടെ നടത്തിപ്പ്.<br>6. വൃദ്ധരായ വിധവകൾക്കു വേണ്ടിയുള്ള ബഹുവിധ സൗകര്യ സംരക്ഷണ കേന്ദ്രങ്ങൾ.<br>7. ഫിസിയോ തെറാപ്പി ക്ലിനിക്കുകൾ.<br>8. മേഖലാ വിഭവ-പരിശീലന കേന്ദ്രങ്ങൾ.<br>9. മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള ഹെൽപ്പ് ലൈൻ & കൗൺസിലിംഗ് സെന്ററുകൾ.<br>10. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ബോധന പരിപാടികൾ<br>11. മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള ദേശീയനയം, മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും പരിപാലനവും, |

| | | | |
|---|---|---|---|
| | | | ക്ഷേമവും നിയമം എന്നിവ സംബന്ധിച്ച ബോധവൽക്കരണ പരിപാടി.<br><br>12. മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള വോളന്റിയർ ബ്യൂറോകൾ.<br>13. വൃദ്ധ സംഘം/സീനിയർ സിറ്റിസൺസ് അസോസിയേഷൻ/ സ്വയംസഹായ കൂട്ടങ്ങൾ എന്നിവയുടെ രൂപീകരണം.<br>14. ദേശീയ വയോജന നയത്തിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ടതുൾപ്പെടെ, സംയോജിത വയോജന പരിപാടിയുമായി ബന്ധപ്പെട്ട മറ്റേതൊരു പ്രവർത്തനത്തിനും ധനസഹായം നൽകുന്ന സ്കീമുകൾ. |

**സെക്ഷൻ ഓഫീസർ**